<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5422</u> <u>21-07-2022 - ൽ മറുപടിയ്ക്ക്</u>

## മഞ്ചേരിയിലെ വഖഫ് ഡിവിഷൻ ഓഫീസിന് സ്ഥിരം കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരിയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വഖഫ് ഡിവിഷൻ ഓഫീസ് സ്ഥിരം കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | പ്രസ്തുത വിഷയം നിലവിൽ ബോർഡിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വഖഫ് ബോർഡിൽ ഏതെല്ലാം തസ്തികളിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും നിയമന രീതി എപ്രകാരമായിരുന്നുവെന്നും ആരെയൊക്കെ നിയമിച്ചുവെന്നും വിശദമാക്കുമോ? | (ബി) | റിട്ട് പെറ്റീഷൻ (സി) നം. 23682/2019 മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ താത്ക്കാലിക സേവനമനുഷ്ഠിച്ചുവന്ന ശ്രീമതി. കദീജാ ബീവി എം.എ, ശ്രീമതി. ഷമീന ബീഗം സി.ഡി, എന്നിവരെ എൽ.ഡി.ക്ലാർക്ക് തസ്തികയിലും ശ്രീമതി.ബെൻസി പി.എ-യെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലും 01-01-2022 മുതൽ വഖഫ് ബോർഡ് സർവ്വീസിൽ സ്ഥിരപ്പെടുത്തി നൽകുകയുണ്ടായി. കൂടാതെ ശ്രീ.സാൽമോൻ.പി. യെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേഴ്സണൽ ഡ്രൈവർ-കം-അറ്റന്ററായും, ശ്രീ.ഷബീർ എം. -നെ ഡ്രൈവർ -കം-ഓഫീസ് അറ്റന്ററായും താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ വഖഫ് ബോർഡ് നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ